**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2293** — **01-09-2022 - ൽ മറുപടിയ്ക്ക്**

**വിധവ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഭർത്താവ് ഉപേക്ഷിച്ചതോ വിവാഹമോചനം നേടിയതോ ആയ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് വിധവ പെൻഷന് അർഹതയുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഭർത്താവ് ഉപേക്ഷിച്ചതോ വിവാഹമോചനം നേടിയതോ ആയ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് വിധവ പെൻഷൻ ലഭിക്കാൻ അർഹതയില്ല. ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനഃവിവാഹിതരായിട്ടില്ലാത്തവരുമായ കേസുകളിൽ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മാത്രമെ നിലവിൽ വിധവ പെൻഷന് അർഹതയുള്ളു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പുനർവിവാഹം കഴിക്കുന്നതുവരെ മുൻകാലങ്ങളിൽ അനുവദിച്ചുപോന്ന വിധവ പെൻഷൻ നിലവിൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | അർഹരായവർക്കുമാത്രം വിധവാ പെൻഷൻ ലഭിയ്ക്കുന്നതിനായി പുറപ്പെടുവിച്ച 25/04/2019 - ലെ നം. 35/2019/ധന. സർക്കുലർ പ്രകാരം, ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളുവെന്നും (ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് / 7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലാ എന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽമാത്രം) നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ലാത്തതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ലയെന്നും, വിധവയല്ലാത്ത എന്നാൽ ഭർത്താവിൽ നിന്ന് അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ട വിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലയെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ വിധവകൾക്കായുള്ള പെൻഷൻ ധാരാളം അനർഹരായവർ കൈപ്പറ്റുന്നുവെന്നുള്ള നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചതിനെത്തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ ലഭിച്ചുവന്നിരുന്നവർക്കുകൂടി |

| | | | |
|---|---|---|---|
| | | | ബാധകമാക്കിക്കൊണ്ട് 11/12/2019-ലെ സർക്കുലർ നം.97/2019/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, 50 വയസ്സ് കഴിയുമ്പോൾ പുനർവിവാഹ സാധ്യത കുറവായതിനാലും ആരോഗ്യപരമായി ദുർബ്ബലരാകുന്ന സാഹചര്യവും കണക്കിലെടുത്ത് ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനഃവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കൂടി മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുമെന്ന് 31/03/2020-ലെ സർക്കുലർ നം. 17/2020/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>(സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു).<br><br>ചട്ടവിരുദ്ധമായി മുൻപ് കൈപ്പറ്റിയിരുന്ന അനർഹരായവർക്ക് ആയത് തുടർന്നും അനുവദിക്കുകയും പുതിയ അപേക്ഷകർക്ക് മാത്രം നിബന്ധനകൾ നടപ്പിലാക്കുകയും ചെയ്യുന്നത് രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കാൻ ഇടയാക്കുമെന്നുള്ളതിനാലാണ് അർഹതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പുനർവിവാഹം ചെയ്യുന്നതുവരെ മുൻകാലങ്ങളിൽ നൽകിയിരുന്ന വിധവ പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പ്**

സർക്കുലർ നം. 17/2020/ധന. തീയതി , :തിരുവനന്തപുരം, 31.03.2020

**സർക്കുലർ**

വിഷയം-ധനകാര്യ വകുപ്പ്- ഭർത്താവ് ഉപേക്ഷിച്ചതും പുനർവിവാഹിതരല്ലാത്തതുമായ 50 വയസ്സു കഴിഞ്ഞ സ്ത്രീകൾക്ക് വിധവാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന- 1. സർക്കുലർ നം. 35/19/ധന. തീയതി 25.04.2019.

2. സർക്കുലർ നം. 97/19/ധന. തീയതി 11.12.2019.

3. 13.06.2019-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന 1 , 2 സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഭർത്താവ് ഉപേക്ഷിച്ചതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ സ്ത്രീകൾക്ക് വിധവാ പെൻഷൻ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 'ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് പൊതുമാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം, മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിക്കാവുന്നതാണ്' എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

3. സൂചന (2) -ലെ സർക്കുലർ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള തിരുവനന്തപുരം.
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്)
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത്.ഡയറക്ടർ മുഖേന)

8. എല്ലാ മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന
സമ്പർക്ക വകുപ്പ്)
10. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
12. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം. 735238/എസ്.എഫ്.സി.ബി2/18/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

**സർക്കുലർ നമ്പർ 35 /2019/ധന   തിയതി 25/04/2019**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ – അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിലേക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ച് കൊണ്ടിരിക്കുന്നു . സംസ്ഥാനത്ത് നിലവിൽ 13 ലക്ഷത്തിൽപ്പരം പേർ വിധവാ പെൻഷൻ വാങ്ങിവരുന്നു. ഇത്തരത്തിൽ വിധവാ പെൻഷൻ വാങ്ങുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹ മോചനത്തിനായി കേസു നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രാദേശിക സർക്കാരുകളിൽ കണ്ട് വരുന്നു . ഇത് ഒഴിവാക്കേണ്ടതാണ് . ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യവുമാണ്. അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിലേക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തികൊണ്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ .
2. 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
3. നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല . അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. വിധവയല്ലാത്ത , എന്നാൽ ഭർത്താവിൽ നിന്നും അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ട വിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല .
5. ഇത്തരത്തിൽ വിധവാ പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് നമ്പർ , തീയതി , സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ് .

6. 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ നമ്പർ , തീയതി ഓഫീസ് എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സേവനയിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ് .

7. ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയ ശേഷം മാത്രം ഡേറ്റാ എൻട്രി പൂർത്തിയാകുന്ന തരത്തിൽ സേവനയിൽ ആവശ്യമായ ക്രമീകരണം നടത്താൻ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകുന്നു.

8. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനർഹർക്ക് വിധവാ പെൻഷൻ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് പ്രാദേശിക സർക്കാരിലെ ബന്ധപ്പെട്ടവർ ബാധ്യസ്ഥരായിരിക്കും .

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് ( എസ് എഫ് സി– ബി2/30/2018/ധന)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ്എഫ്. സി-ബി) വകുപ്പ്

സർക്കുലർ നമ്പർ: 97/2019/ധന തീയതി, തിരുവനന്തപുരം,11.12.2019.

## സർക്കുലർ

വിഷയം:-സാമൂഹ്യ സുരക്ഷാ പെൻഷൻ - അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണെന്ന് വ്യക്തമാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 25.04.2019 -ലെ 35/2019/ധന നമ്പർ പരിപത്രം.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിലേക്ക് പരാമർശത്തിലെ പരിപത്രം പ്രകാരം താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

1. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
2. 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
3. നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. വിധവയല്ലാത്ത, എന്നാൽ ഭർത്താവിൽ നിന്ന് അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ട വിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.
5. ഇത്തരത്തിൽ വിധവാ പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്.
6. 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, ഓഫീസ് എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സേവനയിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

7. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനർഹർക്ക് വിധവാ പെൻഷൻ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് പ്രാദേശിക സർക്കാരിലെ ബന്ധപ്പെട്ടവർ ബാധ്യസ്ഥരായിരിക്കും.

2. പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണ്. നിലവിൽ വിധവാ പെൻഷൻ ലഭിച്ചുവരുന്നവരുടെ അർഹത മേൽ സൂചിപ്പിച്ച നിർദ്ദേശ പ്രകാരം പുനഃപരിശോധിക്കേണ്ടതും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കുന്നുള്ളൂ എന്നും എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതുമാണ്.

**പ്രതീപ് കുമാർ. ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്. എ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്).
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്).
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
12. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (എസ്. എഫ്.സി.-ബി2/30/2018/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ